9. പാലക്കാട്-18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

10. മലപ്പുറം-16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

11. കോഴിക്കോട്-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഉള്ള്യേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല.

12. വയനാട്-8 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

13. കണ്ണൂർ-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

14. കാസർഗോഡ്- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സ്റ്റാഫുകളുടെ എണ്ണം, ശരാശരി ഒ.പി., കിടക്കകളുടെ എണ്ണം, സമീപത്തെ കിടത്തി ചികിത്സ സൗകര്യങ്ങളുള്ള ആശുപത്രികളുമായുള്ള അകലം എന്നിവയെ അടിസ്ഥാനമാക്കി ശിശുമരണം സംഭവിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സേഫ് കേരള പദ്ധതി

14(711) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(സി) സേഫ് കേരള പദ്ധതി പ്രകാരം മെഡിക്കൽ ഓഡിറ്റുകളിൽ പരിശോധന നടത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 'സേഫ് കേരള' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
- പകർച്ചവ്യാധികളെ ഫലപ്രദമായി തടയുക.
- പകർച്ചവ്യാധികൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക.
- പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമ സഹായത്തോടെ നിയന്ത്രിക്കുക.
- പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടെയും പങ്കും അവർ പാലിക്കേണ്ട കടമയും എന്തെന്ന് ബോധവത്കരിക്കുക.
- പരിസര ശുചീകരണം ഉറപ്പാക്കുക.

വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങിയവയിൽ സംസ്ഥാനത്താകമാനം ഒരേ ദിവസം ആരോഗ്യ വകുപ്പ് ടീമുകൾ പരിശോധന നടത്തി പൊതുജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുന്നു. കൂടാതെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചുപൂട്ടിക്കുന്നു. അല്ലാത്തപക്ഷം പിഴ ഈടാക്കുന്നു.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിൻപ്രകാരം ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസറും മറ്റ് പ്രോഗ്രാം ഓഫീസർമാരുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സീനിയർ ഓഫീസർമാരുടെയും നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ നിർദ്ദിഷ്ട ദിവസം നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ/ സ്ഥലങ്ങളിൽ പൊതുജനാരോഗ്യ പരിശോധന നടത്തുകയും പൊതുജനാരോഗ്യ നിയമപ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നു. നോട്ടീസ് നൽകിയിട്ടും വ്യക്തി/ സ്ഥാപനം തിരുത്തൽ നടപടിയെടുക്കുന്നില്ലെങ്കിൽ പിഴ ഈടാക്കുകയോ കൂടുതൽ പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്ഥാപനം അടച്ചുപൂട്ടുകയോ (താൽക്കാലികമായി) ചെയ്യും.

2015-ൽ 24 ദിവസം വിവിധ കേന്ദ്രങ്ങളിൽ സേഫ് കേരള പരിപാടി നടത്തി. കൂടാതെ തുടർപരിശോധനകളും നടത്തിവരുന്നുണ്ട്. വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, പന്തകൾ, ബസ് സ്റ്റാന്റ്, ക്ലിനിക്കുകൾ, ലബോറട്ടറികൾ തുടങ്ങിയവയിലാണ് സേഫ് കേരള പരിപാടിയനുസരിച്ച് പരിശോധന നടത്തിയത്. ആകെ 857122 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയതിൽ 35169 പേർക്ക്/സ്ഥാപനത്തിന് നോട്ടീസ് കൊടുക്കുകയുണ്ടായി.

(സി) മെഡിക്കൽ ഓഫീസറും ലബോറട്ടറി ടെക്നീഷ്യനും ഉൾപ്പെട്ട ടീമാണ് മെഡിക്കൽ ക്യാമ്പുകളിൽ പരിശോധന നടത്തുന്നത്. ക്യാമ്പുകളിൽ ആവശ്യത്തിന് വൈദ്യസഹായമുണ്ടോ, ആവശ്യാനുസരണമുള്ള അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാരാണോ സേവനമനുഷ്ഠിക്കുന്നത്, ഗുണനിലവാരമുള്ള ഉപകരണങ്ങളും രാസവസ്തുക്കളുമാണോ ഉപയോഗിക്കുന്നത്, താമസ നിർമ്മാർജ്ജനത്തിന് സൗകര്യമുണ്ടോ, ആവശ്യത്തിന് ശുദ്ധജല സമൃദ്ധിയുണ്ടോ തുടങ്ങി വിവിധ കാര്യങ്ങളാണ് പരിശോധിക്കുന്നത്. കൂടാതെ ഉപകരണങ്ങൾ അണു നശീകരണം നടത്തപ്പെടുന്നുണ്ടോയെന്നും പകർച്ചവ്യാധി സാധ്യതകളുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ന്യൂനതകൾ കണ്ടാൽ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് എന്നിവ അനുസരിച്ചുള്ള നടപടിയെടുക്കുന്നതാണ്.

അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ പകർച്ചവ്യാധി ഭീഷണി

15(712) ശ്രീ. എം. ഉമർ : താഴെ കാണുന്ന വൈദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും തദ്ദേശവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ചവ്യാധി ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇത്തരം ക്യാമ്പുകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുന്നതിനൊപ്പം ക്യാമ്പുകളെ തെപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധനകളിൽ പകർച്ച വ്യാധികളുണ്ടാകാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ താമസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സാധാരണ കുറവാണ്. വ്യക്തിശുചിത്വം, പരിസര ശുചിത്വം,

LIBRARY ARCHIVES Kerala Legislative Assembly